**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1305** **07-02-2023 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യു.ഡി. വിഭാഗത്തിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പി.ഡബ്ല്യു.ഡി. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഉണ്ടാകുന്ന കാലതാമസം മറ്റ് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നു എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | **പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കാറുണ്ട്. കോടതി ഇടപെടൽ മൂലമോ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ മൂലമോ പ്രകൃതിക്ഷോഭം മൂലമോ തടസങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരുടെ അലംഭാവം മൂലവും പ്രവൃത്തികളിൽ കാലതാമസം വരാറുണ്ട്. ഇപ്രകാരം കാലതാമസം നേരിടുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ യോഗം ചേരുകയും തടസ്സം നീക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. കരാറുകാരുടെ അലംഭാവം മൂലം പ്രവൃത്തികളിൽ ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാറുണ്ട്.** |
| (ബി) | പി.ഡബ്ല്യു.ഡി. നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ ഡിസൈൻ, സോയിൽ ടെസ്റ്റ് തുടങ്ങിയ കാര്യങ്ങൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | **പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ രൂപകൽപ്പന പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗവും, സ്ട്രക്ചറൽ ഡിസൈൻ, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗവും, ഡിസൈനു വേണ്ടിയുള്ള സോയിൽ ടെസ്റ്റ് ഡിസൈൻ വിഭാഗത്തിന്റെ കീഴിലുള്ള റീജിയണൽ ഇൻവെസ്റ്റിഗേഷൻ ലാബും, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന സോയിൽ ടെസ്റ്റ് പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചതിനു ശേഷം മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചിരുന്നത് എന്നാൽ ഇപ്പോൾ സോയിൽ ഇൻവെസ്റ്റിഗേഷനു വേണ്ടി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് മാത്രമായി ഭരണാനുമതി നൽകി പ്രവൃത്തി ചെയ്യാൻ സാധിക്കും. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ RIQCL മുഖേനയും സോയിൽ ഇൻവെസ്റ്റിഗേഷൻ** |

| | | | |
|---|---|---|---|
| | | | **നടത്തിവരുന്നു. 08.02.2022-ലെ സ.ഉ(സാധാ)നം.210/2022/ പൊ.മ.വ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ മുഖേനയും ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു.** |
| (സി) | സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് മൂലം സർക്കാരിന് വാടകയിനത്തിലും മറ്റും അധിക ചെലവ് ഉണ്ടാകുന്നത് കൂടി പരിഗണിച്ചുകൊണ്ട് പി.ഡബ്ല്യു.ഡി. വിഭാഗത്തിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ ഇപ്പോൾ സിവിൽ പ്രവൃത്തികളും അനുബന്ധ പ്രവൃത്തികളും ഒരുമിച്ച് ടെണ്ടർ ചെയ്യുന്നതിനായി കോമ്പോസിറ്റ് ടെണ്ടർ രീതിയിലാണ് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടെണ്ടർ നടപടികൾ നടത്തി വരുന്നത്. ഇതുമൂലം കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കാനുള്ള കാലതാമസം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ